# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** | **01/07/2015 ലെ മറുപടിക്ക്**

## ഭൂനിയമങ്ങളിൽ ഭേദഗതി

**ചോദ്യം**
ശ്രീ. സി.ദിവാകരൻ
" ചിറ്റയം ഗോപകുമാർ
" കെ. രാജു
" ഇ.കെ. വിജയൻ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഭൂനിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ നിശ്ചിത ഫീസ് ഒടുക്കി ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നിയമഭേദഗതി കൊണ്ടു വരുമെന്ന 2015-2016-ലെ ബജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഇത് ഫിനാൻസ് ബിൽ ആയിട്ടുണ്ട്. ഇത് കൂടാതെ പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഭേദഗതി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്മേൽ തീരുമാനമായിട്ടില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ആയതിന്മേൽ ആവലാതി ബോധിപ്പിക്കുവാൻ ജനങ്ങൾക്ക് അവസരം ഇല്ല എന്ന് കണ്ട് ഒരു അപ്പീൽ സാദ്ധ്യത നിയമത്തിൽ <u>ഉൾപ്പെടുത്തുവാനുള്ള</u> നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ൽ നിലവിൽ വന്ന പുതിയ ലാന്റ് അക്വിസിഷൻ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81(e) പ്രകാരം ഇളവ് ലഭിച്ച തോട്ടഭൂമിയുടെ 5 ശതമാനം മറ്റ് ആവശ്യങ്ങൾക്കായുള്ള വിനിയോഗത്തിൽ ചില ഭേദഗതികൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചട്ടരൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭേദഗതികൾ സാമൂഹ്യ-പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നു എന്നതിനെക്കുറിച്ച് വിശദവിവരം നല്കുമോ ; | (ബി) | മേൽ പരാമർശിച്ച ഭേദഗതികൾ സാമൂഹ്യ-പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) | കൃഷിഭൂമി വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (സി) | കൊണ്ടുവന്നിട്ടില്ല. |

**സെക്ഷൻ ഓഫീസർ**